"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പള്ളിക്കുറുപ്പ് ശബരി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ.(മലയാളം) ശ്രീമതി വിനീത പി.വി മുതൽ പേരും കോർപ്പറേറ്റ് മാനേജരും ഫയൽ ചെയ്ത WP(C)No.33079/2024 മേൽ ബഹു. ഹൈക്കോടതി യുടെ 23.09.2024 തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.136/2026/GEDN തീയതി,തിരുവനന്തപുരം, 05-01-2026

പരാമർശം:-

1 സ.ഉ(കൈ) നം. 101/2023/പൊവിവ തീയതി 18/07/2023

2 പാലക്കാട് പള്ളിക്കുറുപ്പ് ശബരി എച്ച്.എസ്.എസ്.ലെ കോർപ്പറേറ്റ് മാനേജർ 07/09/2024 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P16).

3 ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 33079/2024 മേലുള്ള 23/09/2024 തീയതി വിധിന്യായം.

4 മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/11/2024 തീയതിയിലെ DEOMKD/1612/2024-B3 നമ്പർ കത്ത്.

5 പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26/11/2024 തീയതിയിലെ DDEPKD/5467/2024-B5 നമ്പർ കത്ത്.

6 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30-11-2024 തീയതിയിലെ ഇഎം1/21713/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പള്ളിക്കുറുപ്പ് ശബരി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ.(മലയാളം) ശ്രീമതി വിനീത പി.വി. & ശ്രീമതി ശൈത്യ ബി., എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) ശ്രീമതി ദിവ്യ പി.എസ്., എച്ച്.എസ്.എ.(മാത്സ്) ശ്രീമതി സീനത്ത് പി., അടയ്ക്കാപുത്തൂർ ശബരി പി.ടി.ബി.എസ്.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ.(ഹിന്ദി) ശ്രീമതി ഗായത്രി ഹേമചന്ദ്രൻ & ശ്രീമതി ഹരിത എം., കോർപ്പറേറ്റ് മാനേജർ എന്നിവർ ഫയൽ ചെയ്ത WP(C)No.33079/2024-മേൽ ബഹു. ഹൈക്കോടതി 23.09.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരെയും മറ്റു ബന്ധപ്പെട്ടവരെയും കേട്ടശേഷം EXT P16(Revision petition of the Manager dated 07.09.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ

അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 27.11.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരുടെ അപേക്ഷ ഇപ്രകാരമാണ് :**

1. ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂൾ മാനേജ്മെന്റിന് കീഴിൽ താഴെ പറയുന്ന എയ്ഡഡ് വിദ്യാലയങ്ങൾ ആണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്.

പ്രൈമറി സ്കൂളുകൾ

| ക്രമ നം | പേര് | ഉപജില്ല |
|---|---|---|
| 1 | ശബരി AUP സ്കൂൾ, കല്ലുവഴി | ചെർപ്പുളശ്ശേരി |
| 2 | സെൻട്രൽ യു.പി.സ്കൂൾ, പുലാപ്പറ്റ | ചെർപ്പുളശ്ശേരി |
| 3 | ശബരി വി.എൽ.എൻ.എം.യു.പി.സ്കൂൾ, വിളയൻചാത്തന്നൂർ | കുഴൽമന്ദം ഉപജില്ല |

ഹൈസ്കൂൾ

| | | |
|---|---|---|
| 1 | ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ് | മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല |
| 2 | പി.ടി.ബി.എസ് ഹയർ സെക്കൻഡറി സ്കൂൾ, അടയ്ക്കാപുത്തൂർ | മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല |

മേൽ വിദ്യാലയങ്ങൾ 01.01.2018 മുതൽക്ക് കോമൺ സീനിയോറിറ്റി അനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്.

താഴെ പറയുന്ന HST-മാരുടെ നിയമനങ്ങൾ അംഗീകരിക്കേണ്ടതുണ്ട്.

i) വിനീത പി.വി., HST (Malayalam), Sabari HSS, Pallikurup

ii) ശൈത്യ ബി., HST (Malayalam), Sabari HSS, Pallikurup

iii) ഗായത്രി ഹേമചന്ദ്രൻ, HST(Hindi), Sabari PTBHSS, Adakkaputhur

iv) ഹരിത എം., HST(Hindi), Sabari PTBHSS, Adakkaputhur

v) സീനത്ത് പി. HST(Maths), Sabari HSS, Pallikurup

vi) ദിവ്യ പി.എസ്. HST(Natural Science), Sabari HSS, Pallikurup

നിയമനാംഗീകാരം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

(i) വിനീത പി.വി. HST(Malayalam), Sabari HSS, Pallikurup

ശ്രീമതി ചന്ദ്രിക കെ. HST(Malayalam) 31.05.2022-ന് സർവ്വീസിൽ നിന്ന് വിരമിച്ച ഒഴിവിലാണ് ശ്രീമതി വിനീത പി.വി.യെ HST(Malayalam) തസ്തികയിൽ 01.06.2022 മുതൽക്ക് നിയമിച്ചിരുന്നത്. പ്രസ്തുത നിയമനം താഴെ പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 28.03.2023 തീയതിയിൽ B3/35600/2022 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി.

(a) കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

(b) ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല.

പ്രസ്തുത ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻമേൽ 05.04.2024 തീയതിയിലെ EM1/240390/2023 നമ്പർ ഉത്തരവ് താഴെ പറയും പ്രകാരം ഉത്തരവായിട്ടുള്ളതാണ്.കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാൻ മാനേജർക്കും, ശ്രീമതി പി.വി.വിനീതയുടെ 01.06.2022 മുതലുള്ള സ.ഉ.2/2023, ജെ.ആർ.1/502/2023, എന്നിവയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുന്നു.

<u>ആവശ്യം</u>

ശ്രീമതി ചന്ദ്രിക കെ., HST (Malayalam) 31.05.2022-ന് സർവ്വീസിൽ നിന്ന് വിരമിച്ചുവഴി സംജാതമായ HST(Malayalam) തസ്തികയിൽ ശ്രീമതി വിനീത പി.വി.യുടെ HST(Malayalam) ആയുള്ള 01.06.2022 മുതൽക്കുള്ള നിയമനം JR1/502/2023/GEDN dated 01.11.2023 വ്യവസ്ഥകൾക്കനുസരിച്ച് അംഗീകരിക്കേണ്ടതാണ്.

**ii) ശൈത്യ ബി., HST(Malayalam), Sabari HSS, Pallikurup**

ശ്രീമതി ജയശ്രീ എസ്., HST(Malayalam) 31.05.2022-ന് സർവ്വീസിൽ നിന്ന് വിരമിച്ചുവഴി സംജാതമായ HST(Malayalam) തസ്തികയിൽ ശ്രീമതി ശൈത്യ ബി.യെ 03.06.2022 മുതൽക്ക് HST(Malayalam) ആയി നിയമിച്ചിരുന്നത്. പ്രസ്തുത നിയമനം താഴെ പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 28.03.2023 തീയതിയിൽ B3/35736/2022 നമ്പർ ഉത്തരവ് പ്രകാരം നിരസിക്കുകയുണ്ടായി.

(a) കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

(b) ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല.

പ്രസ്തുത ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻമേൽ 12.04.2024 തീയതിയിലെ EM1/240391/2023 നമ്പർ ഉത്തരവ് താഴെ പറയും പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാൻ മാനേജർക്കും, ശ്രീമതി പി.വി.വിനീതയുടെ 01.06.2022 മുതലുള്ള സ.ഉ.2/2023, ജെ.ആർ.1/502/2023 എന്നിവയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുന്നു.

**ആവശ്യം**

ശ്രീമതി ജയശ്രീ എസ്. HST(Malayalam) 31.05.2022-ന് സർവ്വീസിൽ നിന്ന് വിരമിച്ചതുവഴി സംജാതമായ HST(Malayalam) തസ്തികയിൽ ശ്രീമതി ശൈത്യ ബി.യുടെ HST(Malayalam) ആയുള്ള 03.06.2022 മുതൽക്കുള്ള നിയമനം JR1/502/2023/GEDN dated 01.11.2023 വ്യവസ്ഥകൾക്കനുസരിച്ച് അംഗീകരിക്കേണ്ടതാണ്.

**iii) ഗായത്രി ഹേമചന്ദ്രൻ, HST(Hindi), Sabari PTBHSS, Adakkaputhur**

പള്ളിക്കുറുപ്പ് ശബരി HSS-ലെ ശ്രീ. മാത്യു വി.കെ. HST(Hindi) 31.05.2023-ന് സർവ്വീസിൽ നിന്ന് വിരമിച്ചതുവഴി സംജാതമായ HST(Hindi) തസ്തികയിൽ ശ്രീമതി ഗായത്രി ഹേമചന്ദ്രൻ എന്നവരെ HST(Hindi) ആയി നിയമിച്ചെങ്കിലും പ്രസ്തുത നിയമനം 02.12.2023 തീയതിയിലെ B3/47822/2023 നമ്പർ ഉത്തരവ് പ്രകാരം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

1) സീനിയർ നിയമനാർത്ഥി ശ്രീമതി സീന കെ.എസ്.ന്റെ 15.07.2021 മുതലുള്ള നിയമനം അംഗീകരിച്ചിട്ടില്ല.

2) കോർപറേറ്റ് മാനേജ്മെന്റിന് കിഴിലുള്ള ഏതെങ്കിലും പ്രൈമറി വിഭാഗത്തിൽ യോഗ്യമായ അധ്യാപകർ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 01.01.2023 തിയതിക്കുള്ള കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

3) മുൻവർഷ അംഗീകൃത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ശ്രീജ രവി LG Hindi നിർദ്ദിഷ്ട യോഗ്യത ഉള്ളതായി കാണുന്നു. എന്നാൽ റിലിങ്കിഷ്മെന്റ് സമർപ്പിച്ചിട്ടില്ല.

4) ടി വിദ്യാലയത്തിലെ HS വിഭാഗം Newly upgraded ആണ്. എന്നാൽ സംരക്ഷിത അധ്യാപകരെ ആരും തന്നെ നിയമിച്ചിട്ടില്ല.

വസ്തുതകൾ

a) ശ്രീമതി സീന കെ.എസ്. എന്നവരെ 01.08.2013 മുതൽക്ക് HST(Hindi) ആയി പള്ളിക്കുറുപ്പ് ശബരി HSS-ൽ നിയമിക്കുകയും പ്രസ്തുത നിയമനം B3/162/14/K.Dis dated 27.05.2016 പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു. 2018-2019 വർഷം HST(Hindi) തസ്തിക കുറവ് വന്നതിനെ തുടർന്ന് ശ്രീമതി സീന കെ.എസ്. HST(Hindi) തസ്തികയിൽ നിന്നും 15.07.2018 മുതൽക്ക് റിട്രഞ്ച്ഡ് ആവുകയും ടിയാളെ സ്കൂളിൽ ലഭ്യമായ LG(Hindi) തസ്തികയിൽ ക്രമീകരിക്കുകയും ടി

നിയമനം B3/137608/2023 തീയതി 14.02.2024 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീമതി പത്മാവതി HST(Hindi) 31.03.2020-ന് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ടിയാളെ 15.07.2021 മുതൽക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചെങ്കിലും പ്രസ്തുത നിയമനം അംഗീകരിച്ചിട്ടില്ലാത്തതാണ്. ശ്രീമതി സീന കെ.എസ്.നെ നിയമിച്ചിട്ടുള്ള ഒഴിവ് സ്ഥാപിതവും ലഭ്യവും ആണ്. ടി തസ്തികയിൽ വേറെ നിയമനം നടത്തിയിട്ടില്ലാത്തതാണ്.

(b) കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കുന്നതാണ്.

(c) ശ്രീജ രവി, LG (Hindi) റിലിങ്ക്വിഷ്മെന്റ് സമർപ്പിച്ചിട്ടുള്ളതാണ്.

(d) സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിന് HST(Needle Work) തസ്തിക മാറ്റിവെച്ചിട്ടുള്ളതാണ്.

**ആവശ്യം**

ശ്രീമതി സീന കെ.എസ്.നെ 15.07.2021 മുതൽക്ക് HST(Hindi) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നെങ്കിലും ടിയാൾ K.TET യോഗ്യത നേടാത്തതിനാൽ സീനിയർ നിയമനം അംഗീകരിച്ചിട്ടില്ല ടിയാളെ ഉൾക്കൊള്ളുന്നതിനുള്ള ഒഴിവ് ലഭ്യമാണ്. ശ്രീമതി ശ്രീജ രവി, L.G(Hindi) AUPS, കല്ലുവഴി HST (Hindi) സ്ഥാനക്കയറ്റ നിയമനം പരിത്യജിച്ചിട്ടുള്ളത് സംബന്ധിച്ചുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും 01.01.2023 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കുന്നതിന് പാകത്തിൽ തയ്യാറാണെന്നുള്ളത് പരിഗണിച്ചും നിയമനം അംഗീകരിക്കേണ്ടതാണ്.

പുതുതായി അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയം എന്ന നിലയിൽ സ്കൂളിൽ ലഭ്യമായിട്ടുള്ള HST(Needle Work) തസ്തിക സംരക്ഷിത അധ്യാപക നിയമനത്തിനുവേണ്ടി മാറ്റിവെച്ചുകൊണ്ടുള്ള സത്യപ്രസ്താവന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും ശ്രീമതി ഗായത്രി ഹേമചന്ദ്രന്റെ HST(Hindi) നിയമനം 15.07.2021 മുതൽക്ക് അംഗീകരിക്കേണ്ടതാണ്.

iv) ഹരിത എം., HST(Hindi) Sabari PTBHSS, Adakkaputhur

ശ്രീ. അജിത്ത് കെ., HST(Hindi) 31.05.2023-ന് സർവ്വീസിൽ നിന്ന് വിരമിച്ച ഒഴിവിൽ 01.06.2023 മുതൽക്ക് HST(Hindi) ആയി അടക്കാപുത്തൂർ ശബരി PTBHSS-ൽ HST(Hindi) ആയി നിയമിതയായിട്ടുള്ള ശ്രീമതി ഹരിത എം.ന്റെ നിയമനം K.Dis B3/17201/2020 dated 05.10.2020 നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന കാരണങ്ങൾ കാണിച്ചുകൊണ്ട് നിരസിച്ചിട്ടുള്ളതാണ്.

ശ്രീമതി സീന കെ.എസ്.നെ 19-20 വർഷത്തിൽ 1:40-യിൽ നിലനിർത്തിയിട്ടുണ്ട്. സീന കെ.എസ്.ന്റെ HST നിയമനം അംഗീകരിച്ചിട്ടില്ല. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല. ജോയിനിങ്ങ് റിപ്പോർട്ട് പ്രധാനാദ്ധ്യാപികയല്ല ഒപ്പ് വിച്ചിരിക്കുന്നത്. ഈ വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് സംബന്ധിച്ച് തീരുമാനം വന്നിട്ടില്ല. കൂടാതെ, ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളാണ്. ജെ2/57/2019 പൊ.വി. തീയതി 08.03.2019 സർക്കുലർ പ്രകാരം മാനേജർ നിയമനം നടത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത നിയമനം നിരസിക്കുന്നു.

വസ്തുതകൾ

(a) ശ്രീമതി സീന കെ.എസ്. K.TET യോഗ്യത നേടിയിട്ടില്ലാത്തതിനാൽ ടിയാളുടെ നിയമനം അംഗീകാര യോഗ്യമല്ലാത്തതാണ്. ആയതിനാൽ ടിയാളെ സീനിയർ നിയമനാർത്ഥി ആയി പരിഗണിക്കുന്നത് ശരിയല്ലാത്തതാണ്.

(b) കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കുന്നതാണ്.

(c) ശ്രീജ രവി LG(Hindi) റിലിങ്ക്വിഷ്മെന്റ് സമർപ്പിച്ചിട്ടുള്ളതാണ്.

(d) സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതിന് HST(Needle Work) തസ്തിക മാറ്റിവെച്ചിട്ടുള്ളതാണ്.

**ആവശ്യം**

ശ്രീമതി സീന കെ.എസ്.നെ 15.07.2021 മുതൽക്ക് HST(Hindi) ആയി നിയമിച്ചിരുന്നെങ്കിലും ടിയാൾ K.TET യോഗ്യത നേടാത്തതിനാൽ സീനിയർ നിയമനം അംഗീകരിച്ചിട്ടില്ല എന്ന തടസ്സവാദം നിലനിൽക്കുന്നതല്ല. ശ്രീമതി ശ്രീജ രവി L.G(Hindi) AUPS, കല്ലുവഴി HST(Hindi) സ്ഥാനക്കയറ്റ നിയമനം പരിത്യജിച്ചിട്ടുള്ളത് സംബന്ധിച്ചുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും 01.01.2023 തീയതിയിലെ സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കുന്നതിന് പാകത്തിൽ തയ്യാറാണെന്നുള്ളത് പരിഗണിച്ചും നിയമനം അംഗീകരിക്കേണ്ടതാണ്. പുതുതായി അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയം എന്ന നിലയിൽ സ്കൂളിൽ ലഭ്യമായിട്ടുള്ള HST(Needle Work) തസ്തിക സംരക്ഷിത അധ്യാപക നിയമനത്തിനുവേണ്ടി മാറ്റിവെച്ചുകൊണ്ടുള്ള സത്യപ്രസ്താവന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും ശ്രീമതി ഹരിത എം.ന്റെ HST(Hindi) നിയമനം 01.06.2023 മുതൽക്ക് അംഗീകരിക്കേണ്ടതാണ്.

**v) സീനത്ത് പി., HST(Maths), Sabari HSS, Pallikurup**

ശ്രീമതി ജിഷ എൻ., HST(Maths) പള്ളിക്കുറുപ്പ് ശബരി HSS-ൽ നിന്നും അടയ്ക്കാപുത്തൂർ ശബരി PTBS HSS-ലേക്ക് ട്രാൻസ്ഫർ ചെയ്തതുവഴി സംജാതമായ ഒഴിവിലാണ് ശ്രീമതി സീനത്ത് പി.യെ HST(Maths) ആയി 03.06.2024 മുതൽക്ക് നിയമിച്ചിട്ടുള്ളത്. പ്രസ്തുത നിയമനം താഴെ പറയുന്ന കാരണങ്ങൾ കാണിച്ചുകൊണ്ട് തിരിച്ചയച്ചിട്ടുള്ളതാണ്.

1. നിയമന ഉത്തരവ്, സി.എസ്.സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിയമിതയുടെ നിലവിലെ തസ്തിക പൂർണമായി രേഖപ്പെടുത്തിയിട്ടില്ല. സി.എസ്.സ്റ്റേറ്റ്മെന്റ്-ൽ മുൻകാല അംഗീകൃത സർവ്വീസ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2. നിയമനത്തീയതിയിലെ സ്റ്റാഫ് ലിസ്റ്റിൽ സ്കൂളിൽ ഇല്ലാത്ത ജീവനക്കാരെക്കൂടി ക്രമനമ്പർ നൽകി ഉൾപ്പെടുത്തിക്കാണുന്നു.

3. മാനേജർ ഡിക്ലറേഷനിൽ നിയമന കാലയളവ് 31.03.2025 വരെയായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ നിയമിതയുടെ തസ്തിക പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

4. ശ്രീമതി ജിഷ എൻ.ന്റെ നിയമനാംഗീകാര ഉത്തരവ്, സ്ഥലംമാറ്റ ഉത്തരവ് സമർപ്പിക്കേണ്ടതാണ്.

5. പ്രൈമറി അധ്യാപകർ, നോൺ ടീച്ചിങ് ഉൾപ്പെടെയുള്ളവരുടെ കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കേണ്ടതാണ്.

6. സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കാനുള്ളതായി കാണുന്നു.

7. നിയമന ഉത്തരവിൽ ട്രാൻസ്ഫർ ആയ അധ്യാപികയുടെ തസ്തിക രേഖപ്പെടുത്തിയിട്ടില്ല.

8. മാനേജർ ഡിക്ലറേഷൻ 1-ൽ നിയമിതയുടെ തസ്തിക പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

**ആവശ്യം**

സീനിയർ നിയമനാർത്ഥികൾ ആരുംതന്നെ HST(Maths) തസ്തികയിൽ ഇല്ലാത്തത് പരിഗണിച്ചും നിയമന ഉത്തരവിലും അനുബന്ധ രേഖകളിലും ആവശ്യമായ തിരുത്തലുകൾ വരുത്തി പുനഃസമർപ്പിക്കുന്നതിന് പാകത്തിൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും ശ്രീമതി സീനത്ത് പി.യുടെ HST(Maths) തസ്തികയിലെ നിയമനം 03.06.2024 മുതൽക്ക് അംഗീകരിക്കേണ്ടതാണ്.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

1. ശ്രീമതി വിനീത പി.വി. എച്ച്.എസ്.ടി.(മലയാളം). ശബരി ഹൈസ്കൂൾ, പള്ളിക്കുറുപ്പ്

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ മലയാളം എച്ച്.എസ്.ടി. ശ്രീമതി കെ.ചന്ദ്രിക 31/05/2022-ന് വിരമിച്ച ഒഴിവിൽ ശ്രീമതി പി.വി.വിനീതയെ 01/06/2022 മുതൽ മാനേജർ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന അപേക്ഷയോടൊപ്പം കംബൈൻഡ് സീനിയോറിറ്റി ലിസ്റ് സമർപ്പിക്കാത്തതിനാലും, ജി.ഒ.(എം.എസ്.) 162/2022 തീയതി 19/09/2022 അനുസരിച്ചുള്ള ഭിന്നശേഷി സംവരണം പാലിക്കാത്തതിനാലും നിയമനം മണ്ണാർക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

പ്രസ്തുത ഉത്തരവിനെതിരെ മാനേജർ ഈ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചു. ഉത്തരവ് നമ്പർ. ഇ.എം.1/ 240390/2023 തീയതി 05/04/2024 പ്രകാരം കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാൻ മാനേജർക്കും ശ്രീമതി പി.വി.വിനീതയുടെ 01/06/2022 മുതലുള്ള നിയമനം സർക്കാർ ഉത്തരവ് 2/2023, ജെ.ആർ.1/502/2023 എന്നിവയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി റിവിഷൻ അപ്പിൽ തീർപ്പാക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ പുനർസമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗം പുതുതായി ഉയർത്തപ്പെട്ട ഗണത്തിൽ ഉൾപ്പെടുന്നതാണ്. പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന സർക്കാർ ഉത്തരവ് നം.(പി) 03/2019/പൊ.വി.വ. തീയതി 28/02/2019, സർക്കാർ സർക്കുലർ നമ്പർ: ജെ.2/57/2019/പൊ.വി.വ. തീയതി, 08/03/2019 സർക്കാർ

നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. കൂടാതെ സീനിയർ എച്ച്.എസ്.റ്റി.മാരായ ശ്രീനാഥ് പി., എച്ച്.എസ്.റ്റി.മാത്സ് (15/07/2021), ശ്രീജയ എ.ജെ., എച്ച്.എസ്.റ്റി. മാത്സ്(15/07/2021) എന്നിവരുടെ നിയമനം അംഗീകരിക്കാനുണ്ട്. പ്രസ്തുത കാരണങ്ങളാൽ നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് നമ്പർ ബി.2/723061/2024 തീയതി 09/08/2024 പ്രകാരം നിരസിച്ച് ഉത്തരവായി.

2. ശ്രീമതി ശൈത്യ ബി. എച്ച്.എസ്.ടി.(മലയാളം). ശബരി ഹൈസ്കൂൾ, പള്ളിക്കുറുപ്പ്

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ മലയാളം എച്ച്.എസ്.ടി. ശ്രീമതി എസ്.ജയശ്രീ 31/05/2022-ന് വിരമിച്ച ഒഴിവിൽ ശ്രീമതി സി.ബി.ശൈത്യയെ 03/06/2022 മുതൽ മാനേജർ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമന അപേക്ഷയോടൊപ്പം കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാത്തതിനാലും ജി.ഒ.(എം.എസ്) 162/2022 തീയതി 19/09/2022 അനുസരിച്ചുള്ള ഭിന്നശേഷി സംവരണം പാലിക്കാത്തതിനാലും നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

പ്രസ്തുത ഉത്തരവിനെതിരെ മാനേജർ ഈ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചു. ഉത്തരവ് നമ്പർ. ഇ.എം.1/240391/2023 തീയതി 12/04/2024 പ്രകാരം കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാൻ മാനേജർക്കും, സ.ഉ.2/2023, 01/11/2023-ലെ ജെ.ആർ.1/502/2023 എന്നിവയുടെ അടിസ്ഥാനത്തിൽ നിയമനം പുനർപരിശോധിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ പുനർസമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗം പുതുതായി ഉയർത്തപ്പെട്ട ഗണത്തിൽ ഉൾപ്പെടുന്നതാണ്. പുതിയതായി ഉയർത്തപ്പെട്ട് സ്കൂളുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന സ.ഉ.നം.(പി)03/2019/പൊ.വി.വ. തീയതി 28/02/2019, സർക്കാർ സർക്കുലർ നം.ജെ.2/57/2019/പൊ.വി.വ. തീയതി 08/03/2019. സർക്കാർ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. കൂടാതെ സീനിയർ എച്ച്.എസ്.റ്റി.മാരായ ശ്രീനാഥ് പി., എച്ച്.എസ്.റ്റി.മാത്സ്(15/07/2021), ശ്രീജയ എ.ജെ., എച്ച്.എസ്.റ്റി മാത്സ്, വിനീത പി.വി., എച്ച്.എസ്.റ്റി.മലയാളം(01/06/2022) എന്നിവരുടെ നിയമനം അംഗീകരിക്കാനുണ്ട്. പ്രസ്തുത കാരണങ്ങളാൽ നിയമനം മണ്ണാർക്കാട് ഓഫീസിലെ ഉത്തരവ് നമ്പർ ബി3/722039/2024 തീയതി 08/08/2024 പ്രകാരം നിരസിച്ച് ഉത്തരവായി.

3) ഗായത്രി ഹേമചന്ദ്രൻ. എച്ച്.എസ്.റ്റി.(ഹിന്ദി), ശബരി ഹൈസ്കൂൾ. പള്ളിക്കുറുപ്പ്

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.ഹിന്ദി അധ്യാപകൻ ശ്രീ. മാത്യൂ വി.കെ. 31/05/2023-ന് വിരമിച്ച ഒഴിവിൽ ശ്രീമതി ഗായത്രി ഹേമചന്ദ്രനെ 01/06/2023 മുതൽ മാനേജർ നിയമിക്കുകയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ പ്രസ്തുത നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായി.

1. സീനിയർ നിയമനാർത്ഥി ശ്രീമതി സീന കെ.എസ്.ന്റെ 15/07/2021 മുതലുള്ള നിയമനം അംഗീകരിച്ചിട്ടില്ല.

2. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള ഏതെങ്കിലും പ്രൈമറി വിഭാഗത്തിൽ യോഗ്യരായ അധ്യാപകർ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 01/01/2023 തീയതിക്കുള്ള കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

3. മുൻവർഷ അംഗീകൃത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ശ്രീജ രവി, എൽ.ജി.ഹിന്ദിക്ക് നിർദിഷ്ടയോഗ്യത ഉള്ളതായി കാണുന്നു. എന്നാൽ റിലിൻക്വിഷ്മെന്റ് സമർപ്പിച്ചിട്ടില്ല.

4. ടി വിദ്യാലയത്തിലെ എച്ച്.എസ്.വിഭാഗം ന്യൂലി അപ്ഗ്രേഡഡ് ആണ്. എന്നാൽ സംരക്ഷിതാധ്യാപകരെ ആരും തന്നെ നിയമിച്ചിട്ടില്ല.

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.മാരായ ശ്രീമതി വിനീത പി.വി., ശ്രീമതി ശൈത്യ ബി., ശ്രീമതി ഗായത്രി ഹേമചന്ദ്രൻ എന്നിവരുടെ നിയമനം നിരസിച്ച കാരണങ്ങളിൽ ഒന്നായിരുന്നു ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂൾ ആയതിനാൽ സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടില്ല എന്നുള്ളത്. ആയതുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ വിഭാഗത്തിൽ ഉന്നൽ തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിന് മാറ്റിവെച്ച വിവരം (02/09/2024 തീയതിയിൽ) മാനേജർ അറിയിക്കുകയും പ്രസ്തുത അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. ശ്രീമതി ഹരിത എം. എച്ച്.എസ്.ടി.(ഹിന്ദി), ശബരി പിടിബിഎസ് എച്ച്എസ്, അടക്കാപുത്തൂർ

അടക്കാപുത്തൂർ ശബരി പി.ടി.ബി.എസ്.എച്ച്.എസ്.ലെ എച്ച്.എസ്.ടി. ഹിന്ദി അദ്ധ്യാപകൻ ശ്രീ.അജിത് കെ. 31/05/2023-ന് വിരമിച്ച ഒഴിവിൽ ശ്രീമതി ഹരിത എം.നെ 01/06/2023 മുതൽ എച്ച്.എസ്.ടി. ഹിന്ദി ആയി മാനേജർ നിയമിച്ചു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ടി നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് നം.ബി3/47834/2023 തീയതി 05/02/2024 പ്രകാരം നിരസിച്ച് ഉത്തരവായി.

1. മുൻവർഷ(2022)സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ എൽ.ജി. ഹിന്ദി ആയിട്ടുള്ള ശ്രീമതി ശ്രീജ രവി, SAUPS, കല്ലുവഴി ഹിന്ദി ബി.എ., ബി.എഡ്. യോഗ്യതയുള്ളതായി കാണുന്നു. എന്നാൽ ഇവരുടെ റിലിൻക്വിഷ്മെന്റ് സമർപ്പിച്ചിട്ടില്ല.

2. പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ 15/07/2021 മുതൽ നിയമിതയായ സീനിയർ നിയമനാർഥി ശ്രീമതി സീന കെ.എസ്.ന്റെ നിയമനം അംഗീകരിച്ചിട്ടില്ല.

3. നിയമനാർഥി നിയമനതീയതിയിൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല.

5. ശ്രീമതി ദിവ്യ പി.എസ്. എച്ച്.എസ്.ടി.(എൻഎസ്) ശബരി ഹൈസ്കൂൾ, പള്ളിക്കുറുപ്പ്

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.(എൻ.എസ്) അധ്യാപിക ശ്രീമതി പ്രമീള സി. 31/03/2023-ന് വിരമിച്ച ഒഴിവിൽ ശ്രീമതി ദിവ്യ പി.എസ്.നെ 01/08/2023 മുതൽ മാനേജർ നിയമിച്ചു. എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ടി നിയമനം മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് നം.ബി3/52214/2023 തീയതി 29/02/2024 പ്രകാരം നിരസിച്ച്

ഉത്തരവായി.

1. സ്വഭാവ സർട്ടിഫിക്കറ്റ് നിർദിഷ്ട മാതൃകയിൽ ഉള്ളതല്ല. .ഓഫീസ് സീൽ പതിച്ചിട്ടില്ല.

2. ഒന്നിലധികം സ്കൂളുകളുള്ള കോർപ്പറേറ്റ് മാനേജ്മെന്റ് ആകയാൽ സ്ഥാനക്കയറ്റത്തിനു യോഗ്യരായവർ ഉണ്ടോ എന്ന് പരിശോധിക്കുന്നതിന് കംബൈൻഡ് സീനിയോറിട്ടി ലിസ്റ്റ് സമർപ്പിക്കേണ്ടതാണ്.

3. ടി വിദ്യാലയത്തിലെ എച്ച്.എസ്.വിഭാഗം ന്യൂലി അപ്ഗ്രേഡഡ് ആണ്. എന്നാൽ സംരക്ഷിതാധ്യാപകരെ ആരുംതന്നെ നിയമിച്ചിട്ടില്ല.

4. പ്രസ്തുത മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ നിയമനം അംഗീകരിക്കാത്തവരുടെ ലിസ്റ്റ്, തസ്തിക, നിയമനത്തീയതി, സ്കൂൾ എന്നിവ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

5. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സമർപ്പിക്കേണ്ടതാണ്.

6. കെ.ടെറ്റ് യോഗ്യത സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

6. ശ്രീമതി സീനത്ത് പി. എച്ച്.എസ്.ടി.(ഗണിതം) ശബരി ഹൈസ്കൂൾ, പള്ളിക്കുറുപ്പ്

പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഗണിതം) അധ്യാപിക ശ്രീമതി ജിഷ എൻ.നെ ഇതേ മാനേജെന്റിന് കീഴിലുള്ള അടക്കാപുത്തൂർ ശബരി പിടിബി ഹൈസ്കൂളിലേക്ക് 03/06/2024-ന് മാനേജർ സ്ഥലം മാറ്റി നൽകിയതിനെ തുടർന്നുള്ള ഒഴിവിൽ ശ്രീമതി സീനത്ത് പി.യെ 03/06/2024 മുതൽ മാനേജർ നിയമിച്ചു. ടി അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിരുന്നു. പ്രസ്തുത ഫയലിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, സീനിയർ നിയമനാർഥികളുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.മാരായ ശ്രീമതി വിനീത പി.വി., ശ്രീമതി ശൈത്യ ബി., ശ്രീമതി ഗായത്രി ഹേമചന്ദ്രൻ എന്നിവരുടെ നിയമനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്ന് അഭിപ്രായപ്പെടുന്നു. നിയമനാർഥി നിയമനത്തീയതിയിൽ കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും സീനിയർ നിയമനാർഥി ആയ ശ്രീമതി സീന കെ.എസ്.ന്റെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും അടക്കാപുത്തൂർ പി.ടി.ബി.എസ്.എച്ച്.എസ്.ൽ എച്ച്.എസ്.ടി.ഹിന്ദി ആയ ശ്രീമതി ഹരിത എം.ന്റെ നിയമനം പരിഗണിക്കാൻ സാധിക്കുകയില്ല. നിയമനപ്രൊപ്പോസലിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയ്ക്കുമാത്രമേ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി. ഗണിതം ശ്രീമതി ദിവ്യ പി.എസ്.ന്റെ നിയമനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നും അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദങ്ങൾ, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മാനേജരുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

i) പള്ളിക്കുറുപ്പ് ശബരി ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.ടി. (മലയാളം) ശ്രീമതി കെ.ചന്ദ്രിക 31.05.2022-ന് വിരമിച്ച ഒഴിവിലാണ് ശ്രീമതി വിനീത പി.വി.യെ 01.06.2022 മുതൽ നിയമിച്ചത്.

ടിയാളുടെ നിയമനം JR1/502/2023 dated 01.11.2023 വ്യവസ്ഥകൾക്കനുസരിച്ച് അംഗീകരിക്കേണ്ടതാണ്.

ii) ടി സ്കൂളിലെ തന്നെ എച്ച്.എസ്.ടി.(മലയാളം) ശ്രീമതി എസ്.ജയശ്രീ 31.05.2022-ന് വിരമിച്ച ഒഴിവിലാണ് ശ്രീമതി ശൈത്യ സി.ബി.യെ 03.06.2022 മുതൽ നിയമിച്ചത്.

JR1/502/2023 dated 01.11.2023 വ്യവസ്ഥകൾക്കനുസരിച്ച് അംഗീകരിക്കേണ്ടതാണ്.

iii) ടി സ്കൂളിലെ തന്നെ എച്ച്.എസ്.ടി.(ഹിന്ദി) ശ്രീ മാത്യു വി.കെ. 31.05.2023-ന് സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി ഗായത്രി ഹേമചന്ദ്രനെ നിയമിച്ചു.

15.07.2021-ൽ നിയമിക്കപ്പെട്ട സീനിയറായ ശ്രീമതി സീന കെ.എസ്. K-TET നേടിയിട്ടില്ലാത്തതിനാൽ ടിയാളുടെ നിയമനം അംഗീകാരയോഗ്യമല്ലാത്തതിനാലും എൽ.ജി. (ഹിന്ദി) ശ്രീമതി ശ്രീജ രവി relinquishment സമർപ്പിച്ചിട്ടുള്ളതിനാലും സംരക്ഷിത അധ്യാപകർക്കായി HST(Needle work) തസ്തിക മാറ്റി വച്ചിട്ടുള്ളതിനാലും ടിയാളുടെ നിയമനം അംഗീകരിക്കാവുന്നതാണ് (ടിയാളുടെ നിയമനത്തീയതി വ്യക്തമാക്കിയിട്ടില്ല).

iv) അടയ്ക്കാപുത്തൂർ ശബരി പി.ടി.ബി.എച്ച്.എസ്.എസ്.ൽ നിന്നും എച്ച്.എസ്.ടി.(ഹിന്ദി) ശ്രീ അജിത്ത് കെ. 31.05.2023-ന് വിരമിച്ച ഒഴിവിൽ ശ്രീമതി ഹരിത എം.നെ 01.06.2023 മുതൽ നിയമിച്ചു.

ക്രമനമ്പർ (iii)-ലെ അതേ കാരണങ്ങളാൽ ടിയാളുടെ നിയമനം അംഗീകരിക്കാവുന്നതാണ്.

v) പള്ളിക്കുറുപ്പ് ശബരി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി ജിഷ എൻ.നെ അടയ്ക്കാപുത്തൂർ സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത ഒഴിവിൽ ശ്രീമതി സീനത്ത് പി.യെ 03.06.2024 മുതൽ നിയമിച്ചു.

എച്ച്.എസ്.ടി.(മാത്സ്) തസ്തികയിൽ സീനിയർ നിയമനാർത്ഥികൾ ആരുംതന്നെ ഇല്ലാത്തത് പരിഗണിച്ചും നിയമന ഉത്തരവിലും അനുബന്ധ രേഖകളിലും വന്നിട്ടുള്ള പിഴവുകൾ തിരുത്തി പുന:സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്തും ടിയാളുടെ നിയമനം അംഗീകരിക്കാവുന്നതാണ്.

vi) EXT P16-ൽ ശ്രീമതി പി.ദിവ്യയുടെ നിയമനം നിരസിച്ച കാരണങ്ങൾ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ടിയാളെ എന്ന് നിയമിച്ചുവെന്നോ ഏത് തസ്തികയിൽ നിയമിച്ചുവെന്നോ വ്യക്തമാക്കിയിട്ടില്ല.

വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ ഇപ്രകാരമാണ് :

i) പള്ളിക്കുറിപ്പ് ശബരി ഹൈസ്കൂളിൽ 31.05.2022-ലെ വിരമിക്കൽ ഒഴിവിൽ 01.06.2022 മുതൽ എച്ച്.എസ്.ടി.(മലയാളം) ആയി നിയമിക്കപ്പെട്ട ശ്രീമതി വിനീത പി.വി.യുടെ നിയമനം കംബയിൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിക്കാത്തതിനാലും G.O.(Ms)No. 162/2022 dated

19.09.2022 പ്രകാരം ഭിന്നശേഷി സംവരണം പാലിക്കാത്തതിനാലും സീനിയർ നിയമനാർത്ഥികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും പുതുതായി ഉയർത്തപ്പെട്ട സ്കൂളായതിനാൽ സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാലും നിരസിച്ചിരുന്നു. നിലവിൽ ടി സ്കൂളിൽ സംരക്ഷിത അധ്യാപകർക്കായി ഉന്നൽ തസ്തിക മാറ്റിവച്ചിട്ടുള്ളതായി 02.09.2024 തീയതിയിൽ മാനേജർ അറിയിച്ചിട്ടുണ്ടെങ്കിലും നിയമനത്തീയതി മുതൽ അംഗീകാരം നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണം.

ii) ടി സ്കൂളിൽ തന്നെ 31.05.2022-ലെ വിരമിക്കൽ ഒഴിവിൽ 03.06.2022 മുതൽ എച്ച്.എസ്.ടി. (മലയാളം) ആയി നിയമിക്കപ്പെട്ട ശ്രീമതി ശൈത്യ ബി.യുടെയും നിയമനാംഗീകാരത്തിന് ക്രമനമ്പർ 3(i) പറഞ്ഞ കാരണങ്ങൾ നിലനിൽക്കുന്നു.

iii) ടി സ്കൂളിൽ തന്നെ 31.05.2023-ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി ഗായത്രി ഹേമചന്ദ്രനെ 01.06.2023 മുതൽ എച്ച്.എസ്.ടി. (ഹിന്ദി) ആയി നിയമിച്ചുവെങ്കിലും സീനിയറായ ശ്രീമതി സീന കെ.എസ്.ന്റെ 15.07.2021 മുതലുള്ള നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും 01.01.2023 തീയതിക്കുള്ള കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലാത്തതിനാലും, മുൻവർഷത്തെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട എൽ.ജി.ഹിന്ദി ശ്രീമതി ശ്രീജ രവിയുടെ റിലിങ്കിഷ്മെന്റ് മാനേജർ സമർപ്പിച്ചിട്ടില്ലാത്തതിനാലും, ടി സ്കൂളിലെ എച്ച്.എസ്. വിഭാഗം newly upgraded ആയതിനാൽ സംരക്ഷിതാധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാലും ടിയാളുടെ നിയമനം നിരസിക്കപ്പെട്ടു. എന്നാൽ ടി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഉന്നൽ തസ്തിക സംരക്ഷിത അധ്യാപകർക്കായി മാറ്റിവച്ചതായി 02.09.2024 തീയതിയിൽ മാനേജർ അറിയിച്ചിട്ടുള്ളതിനാൽ ടി അപേക്ഷ പരിഗണിച്ച് നിയമനത്തീയതി മുതൽ അംഗീകാരം നൽകുന്നതിന് സ്പഷ്ടീകരണം ആവശ്യമാണ്.

iv) അടയ്ക്കാപുത്തൂർ ശബരി പി.ടി.ബി.എസ്. ഹൈസ്കൂളിൽ 31.05.2023-ലെ വിരമിക്കൽ ഒഴിവിൽ ശ്രീമതി ഹരിത എം.നെ 01.06.2023 മുതൽ എച്ച്.എസ്.ടി. ഹിന്ദി ആയി നിയമിച്ചുവെങ്കിലും BA B.Ed. യോഗ്യതയുള്ള LG ഹിന്ദി ശ്രീമതി ശ്രീജ രവി relinquishment സമർപ്പിച്ചിട്ടില്ലാത്തതിനാലും പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ 15.07.2021 മുതൽ നിയമിക്കപ്പെട്ട ശ്രീമതി സീന കെ.എസ്.ന് അംഗീകാരം നൽകിയിട്ടില്ലാത്തതിനാലും ശ്രീമതി ഹരിത കെ-ടെറ്റ് നേടിയിട്ടില്ലാത്തതിനാലും ടിയാളുടെ നിയമനം നിരസിക്കപ്പെട്ടു.

v) പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിൽ 31.03.2023-ലെ വിരമിക്കൽ ഒഴിവിൽ 01.08.2023 മുതൽ എച്ച്.എസ്.ടി.(എൻ.എസ്) ആയി നിയമിക്കപ്പെട്ട ശ്രീമതി ദിവ്യ പി.എസ്.ന് ടിയാളുടെ സ്വഭാവ സർട്ടിഫിക്കറ്റ് നിർദിഷ്ട മാതൃകയിലുള്ളതല്ല, ഓഫീസ് സീൽ പതിപ്പിച്ചിട്ടില്ല, കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല, എച്ച്.എസ്. വിഭാഗം newly upgraded ആയതിനാൽ സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ല, കെ-ടെറ്റ് യോഗ്യത സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടില്ല, ടി മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്നവരുടെ ലിസ്റ്റ്, തസ്തിക, നിയമനത്തിയതി, സ്കൂൾ എന്നിവ രേഖപ്പെടുത്തി സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിയമനാംഗീകാരം നൽകിയിട്ടില്ല.

vi) പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ശ്രീമതി ജിഷ എൻ.നെ

അടയ്ക്കാപ്പുത്തൂർ PTBHS-ലേയ്ക്ക് 03.06.2024-ന് സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീമതി സീനത്ത് പി.യെ ടി തീയതിയിൽ തന്നെ നിയമിച്ച പ്രൊപ്പോസലിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

5. സീനിയർ നിയമനാർത്ഥികൾക്ക് നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്നു, K-TET യോഗ്യത നേടിയിട്ടില്ല, കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല, ഹൈസ്കൂൾ വിഭാഗം newly upgraded വിഭാഗത്തിൽപ്പെടുന്നതിനാൽ സംരക്ഷിത അധ്യാപകർക്ക് തസ്തിക മാറ്റി വച്ചിട്ടില്ല, ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടില്ല തുടങ്ങിയ കാരണങ്ങളാലാണ് ടി മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ വിവിധ നിയമനങ്ങൾക്ക് വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകാതെയിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ഹൈസ്കൂൾ വിഭാഗത്തിൽ തയ്യൽ ടീച്ചറിന്റെ തസ്തിക സംരക്ഷിത അധ്യാപകർക്കായി മാറ്റി വച്ചിട്ടുണ്ടെന്ന് 02.09.2024 തീയതിയിൽ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ അധ്യാപകരുടെ നിയമനം നിയമനത്തീയതി മുതൽ അംഗീകരിച്ചു നൽകാമോ എന്നതിന്മേൽ സ്പഷ്ടീകരണം നൽകണമെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ആവശ്യപ്പെട്ടിട്ടുണ്ട്.

6. കെ.ഇ.ആർ അധ്യായം XXI, ചട്ടം 7 (1), 7 (2), 7 (3) (a), 7 (3) (b), 7 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റി വച്ച തസ്തികകളിലെ ഒഴിവുകളിൽ മാനേജർമാർ അധ്യാപകബാങ്കിൽ നിന്നല്ലാതെ നിയമനം നടത്തരുതെന്നും അപ്രകാരം ചെയ്യാതിരിക്കുകയും, പ്രസ്തുത ഒഴിവുണ്ടായ തീയതിയിലോ അതിനു ശേഷമോ ഉണ്ടാകുന്ന മറ്റ് ഒഴിവുകളിൽ മാനേജർ പുതിയ നിയമനം നടത്തുകയും ചെയ്താൽ അപ്രകാരം നിയമനം ലഭിക്കുന്നവർക്ക് സംരക്ഷിതാധ്യാപകർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ നിയമനാംഗീകാരം നൽകു എന്നും ചട്ടം 7 (5) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

7.ഹൈസ്കൂൾ വിഭാഗത്തിൽ തയ്യൽ ടീച്ചറിന്റെ തസ്തിക സംരക്ഷിത അധ്യാപകർക്കായി നീക്കിവച്ചിട്ടുണ്ടെന്ന് 02.09.2024-ൽ മാനേജർ അറിയിച്ചിട്ടുള്ളതിനാൽ, അധ്യാപകർക്ക് നിയമനത്തീയതി മുതൽ അംഗീകാരം നൽകാനാവില്ല. K-TET നേടിയിട്ടില്ലാത്തതും സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതുമായ അധ്യാപകർക്ക് ടിയാളുകൾ യോഗ്യത നേടിയിട്ടുള്ള തീയതി മുതൽ അംഗീകാരം നൽകാനാവില്ല. നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്ന അധ്യാപകരുടെ സീനിയോറിറ്റി പരിശോധിച്ചും, ഭിന്നശേഷി സംവരണം ബാധകമായിട്ടുള്ളവർക്ക് അതിനനുസരിച്ചും, പ്രൊമോഷൻ ത്യജിച്ചവരുണ്ടെങ്കിൽ അവരുടെ പരിത്യാഗപത്രം വാങ്ങിയും മാത്രമേ ഹർജിക്കാർക്ക് നിയമനാംഗീകാരം നൽകാവൂ. ആയതിനാൽ സീനിയർ നിയമനാർഥികളുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി.മാരായ ശ്രീമതി വിനീത പി.വി., ശ്രീമതി ശൈത്യ ബി., ശ്രീമതി ഗായത്രി ഹേമചന്ദ്രൻ എന്നിവരുടെ നിയമനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. നിയമനാർഥി നിയമനത്തീയതിയിൽ കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും സീനിയർ നിയമനാർഥി ആയ ശ്രീമതി സീന കെ.എസ്.ന്റെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും അടക്കാപുത്തൂർ പി.ടി.ബി.എസ്.എച്ച്. എസ്.ൽ എച്ച്.എസ്.ടി.ഹിന്ദി ആയ ശ്രീമതി ഹരിത എം.ന്റെ നിയമനം പരിഗണിക്കാൻ സാധിക്കുകയില്ല. നിയമനപ്രൊപ്പോസലിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയ്ക്കുമാത്രമേ പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച്.എസ്.ടി. ഗണിതം ശ്രീമതി ദിവ്യ പി.എസ്.ന്റെ നിയമനം പരിഗണിക്കാൻ സാധിക്കുകയുള്ളൂ. അതേ സമയം, പള്ളിക്കുറുപ്പ് ശബരി ഹൈസ്കൂളിലെ എച്ച് എസ് ടി (ഗണിതം) അധ്യാപിക ശ്രീമതി.ജിഷ എൻ- നെ ഇതേ മാനേജ്മെന്റിന് കീഴിലുള്ള

അടക്കാപുത്തൂർ ശബരി പി ടി ബി ഹൈസ്കൂളിലേക്ക് 03/06/2024 ന് മാനേജർ സ്ഥലം മാറ്റി നൽകിയതിനെ തുടർന്നുള്ള ഒഴിവിൽ ശ്രീമതി.സീനത്ത്.പി യെ 03/06/2024 മുതൽ മാനേജർ നിയമിക്കുകയും, അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിന് മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിരുന്നുവെന്നും തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നും പരാമർശം (6) കത്ത് മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8.ഹൈസ്കൂൾ വിഭാഗത്തിൽ തയ്യൽ ടീച്ചറിന്റെ തസ്തിക സംരക്ഷിത അധ്യാപകർക്കായി നീക്കിവച്ചിട്ടുണ്ടെന്ന് 02.09.2024-ൽ മാത്രമാണ് മാനേജർ അറിയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 01.06.2022 തീയതിയിൽ നിയമിച്ച അധ്യാപകരുടെ അംഗീകാരം അവരുടെ നിയമന തീയതിയായ 01.06.2022 മുതൽ മാനേജർ ആവശ്യപ്പെടുകയാണ്. സംരക്ഷിതാധ്യാപകരെ നിയമിക്കാനുള്ള തസ്തികകളിലെ ഒഴിവുകൾ മാനേജർമാർ വിട്ടുനൽകിയിട്ടും പ്രസ്തുത ഒഴിവുകളിലേക്ക് പുനർവിന്യസിക്കാത്തതിനാൽ സ്കൂളിൽ നടത്തിയിട്ടുള്ള അംഗീകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7 (5) ലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകിക്കൊണ്ട്, സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലെ ഒഴിവുകളിൽ മാനേജർ നിയമനം നടത്താതെ നിയമാനുസൃതം അവ സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവച്ചുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്കൂളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാത്തതിനാൽ അംഗീകാരം തടസ്സപ്പെട്ടിരിക്കുന്ന മറ്റു നിയമനങ്ങൾക്ക് നിയമനതീയതി മുതൽക്ക് അംഗീകാരം നൽകുന്നതിന് അനുമതി നൽകി പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിയമാനുസൃതം അധിക തസ്തികകൾ വിട്ടു നൽകുന്ന മാനേജ്മെന്റുകളിലെ മറ്റു അധ്യാപക നിയമനങ്ങൾക്കാണ് മേൽ വ്യവസ്ഥ പ്രകാരം അംഗീകാരം നൽകുവാൻ പരാമർശം (1) ഉത്തരവിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഇവിടെ സംരക്ഷിത അധ്യാപക നിയമനത്തിനായി 1.06.2022 തീയതിയിൽ വിട്ടു നൽകേണ്ട തസ്തിക 02.09.2024 തീയതിയിൽ മാത്രമാണ് വിട്ടു നൽകിയിട്ടുള്ളത്. ആയതിനാൽ തന്നെ ഉത്തരവിന്റെ ആനുകൂല്യം നൽകുന്നത് ക്രമപ്രകാരമല്ല. എന്നിരുന്നാലും സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചിട്ടുള്ള പക്ഷം ഭിന്നശേഷി സംവരണം പാലിച്ച് മറ്റു വിധത്തിൽ ക്രമപ്രകാരമുള്ള നിയമനങ്ങൾക്ക് സംരക്ഷിത അധ്യാപക നിയമനത്തിനായി ഒഴിവ് മാറ്റി വച്ച 02.09.2024 മുതൽ നിയമനാംഗീകാരം നൽകികൊണ്ട് EXT P16 റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് പള്ളിക്കുറുപ്പ് ശബരി എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ.(മലയാളം) ശ്രീമതി വിനീത പി.വി. & ശ്രീമതി ശൈത്യ ബി., എച്ച്.എസ്.എ.(നാച്ചറൽ സയൻസ്) ശ്രീമതി ദിവ്യ പി.എസ്., എച്ച്.എസ്.എ.(മാത്സ്) ശ്രീമതി സീനത്ത് പി., അടയ്ക്കാപുത്തൂർ ശബരി പി.ടി.ബി.എസ്.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എ.(ഹിന്ദി) ശ്രീമതി ഗായത്രി ഹേമചന്ദ്രൻ & ശ്രീമതി ഹരിത എം., കോർപ്പറേറ്റ് മാനേജർ എന്നിവർ ഫയൽ ചെയ്ത സൂചന രണ്ടിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി വിനീത പി.വി., എച്ച്.എസ്.എ. (മലയാളം), ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ്, പാലക്കാട്
ശ്രീമതി ശൈത്യ ബി, എച്ച്.എസ്.എ. (മലയാളം), ശബരി ഹയർ സെക്കൻഡറി സ്കൂൾ, പള്ളിക്കുറുപ്പ്, പാലക്കാട്
ശ്രീമതി ദിവ്യ പി.എസ്, എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്), ശബരി ഹയർ സെക്കണ്ടറി സ്കൂൾ, പള്ളിക്കുറുപ്പ്, പാലക്കാട്
ശ്രീമതി സീനത്ത് പി, എച്ച്.എസ്.എ.(മാത്സ്), ശബരി ഹയർ സെക്കണ്ടറി സ്കൂൾ, പള്ളിക്കുറുപ്പ്, പാലക്കാട്
ശ്രീമതി ഗായത്രി ഹേമചന്ദ്രൻ, എച്ച്.എസ്.എ. (ഹിന്ദി), ശബരി പി.ടി.ബി.എസ് ഹയർസെക്കണ്ടറി സ്കൂൾ, അടക്കാപുത്തൂർ, പാലക്കാട്
ശ്രീമതി ഹരിത എം, എച്ച്.എസ്.എ. (ഹിന്ദി), ശബരി പി.ടി.ബി.എസ് ഹയർസെക്കണ്ടറി സ്കൂൾ, അടക്കാപുത്തൂർ, പാലക്കാട്
കോർപ്പറേറ്റ് മാനേജർ, ശബരി ചാരിറ്റബിൾ ട്രസ്റ്റ് സ്കൂളുകൾ, "അനുപമ", പുതുപ്പെരിയാരം, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (**GE-JA3/231/2025-G.EDN dated** : 21/11/2025(
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 05-01-2026 18:12:34
സെക്ഷൻ ഓഫീസർ